# പതിമൂന്നാം കേരളനിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3367 — 14.10.2011-ൽ മറുപടിക്ക്.

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.വി.ശ്രേയാംസ് കുമാർ | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |
| എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സേവനവും ഭരണവും മെച്ചപ്പെടുത്തുന്നതിനായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഫ്രണ്ട് ഓഫീസ് സംവിധാനവും കമ്പ്യൂട്ടറൈസേഷനും ഏർപ്പെടുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തികകൾ ഏകീകരിച്ചുകൊണ്ടുള്ള നടപടികൾ നടന്നുവരുന്നു. 01.04.2011 മുതൽ ഗ്രാമപഞ്ചായത്തുകളിൽ അക്രുവൽ അടിസ്ഥാന ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള പരിശീലനവും തുടർ നടപടികളും ആരംഭിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിലേയും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകളിലേയും, പഞ്ചായത്ത് ഡയറക്ടറേറ്റിലേയും പൗരാവകാശരേഖകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ടുകൾ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ബി.എസ്.എൻ.എൽ. മുഖേനയുള്ള സി.യു.ജി..സിം കാർഡ് എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും പ്രസിഡന്റുമാർക്കും നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | ഗ്രാമ പഞ്ചായത്തുകളിലെ ജോലിഭാരം കുറയ്ക്കുന്നതിനും മെച്ചപ്പെട്ട സേവനം ജനങ്ങ ൾക്ക് ലഭ്യമാക്കുന്നതിനുമായി ആവിഷ്കരിക്കാൻ ഉദ്ദേശി ക്കുന്ന പദ്ധതികൾ എന്തെല്ലാ മെന്ന് വിശദമാക്കുമോ ; | ബി) | ഗ്രാമപഞ്ചായത്തുകൾ പൂർണ്ണ മായും കമ്പ്യൂട്ടർവൽക്കരിക്കു ന്നതിലും, ഫ്രണ്ട് ഓഫീസ് സംവിധാനം കൂടുതൽ കാര്യ ക്ഷമമാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| സി) | ഇ-ഗവേണൻസ് സമ്പ്രദായം പഞ്ചായത്തുകളിൽ നടപ്പിലാ ക്കുന്നതിനുള്ള നടപടി സ്വീകരി ക്കുമോ ? | സി) | ഇ-ഗവേണൻസ് സമ്പ്രദായം പഞ്ചായത്തുകളിൽ നടപ്പിലാക്കു ന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ